"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. രാമസ്വാമി, ശ്രീമതി കാവേരി എന്നിവർ ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 592/2008 (ഇ.പി.381/2015) നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുക - റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1331/2024/LSGD തീയതി, തിരുവനന്തപുരം, 22-07-2024**

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 09/08/2023-ലെ എ3/1932/2018/ടിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ)നം.893/2024/തസ്വഭവ തീയതി 23/05/2024.

3. സ.ഉ.(സാധാ)നം.4947/2024/ധന തീയതി 22/06/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വെ നമ്പർ 2063/3-2 (LA Sy. No. 2063/16)-ൽ ഉൾപ്പെട്ട 0.06 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 592/2008 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 4,88,084/- രൂപ (നാല് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എൺപത്തിനാല് രൂപ മാത്രം) അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ.592/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക തുകയായ 4,88,084/- രൂപ (നാല് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എൺപത്തിനാല് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Caes (Plan Charged) എന്ന ശീർഷകത്തിൽ 4,89,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വെ നമ്പർ 2063/3-2 (LA Sy. No.

2063/16)-ൽ ഉൾപ്പെട്ടതും ശ്രീ. രാമസ്വാമി {റ്റി.സി. 36/1487(3), ലക്ഷ്മി, ശ്രീവരാഹം, മണക്കാട് പി.ഒ., തിരുവനന്തപുരം} ശ്രീമതി കാവേരി {റ്റി.സി. 36/1487(3), ലക്ഷ്മി, ശ്രീവരാഹം, മണക്കാട് പി.ഒ., തിരുവനന്തപുരം} എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.06 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 592/2008 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 4,88,084/- രൂപ (നാല് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എൺപത്തിനാല് രൂപ മാത്രം) 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീ. രാമസ്വാമി, ശ്രീമതി കാവേരി എന്നിവർക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ശ്രീ. രാമസ്വാമി, റ്റി.സി. 36/1487(3), ലക്ഷ്മി, ശ്രീവരാഹം, മണക്കാട് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി കാവേരി റ്റി.സി. 36/1487(3), ലക്ഷ്മി, ശ്രീവരാഹം, മണക്കാട് പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ ഇ.&ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/261/2023FIN. dated 05/07/2024)
കരുതൽ ഫയൽ / ഓഫീസ് കോപ്പി. ( RE1/136/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 22-07-2024 11:52:04
സെക്ഷൻ ഓഫീസർ